GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/09/2026

1. 2026-27 സംഭരണ സീസണിലെ സപ്ലൈകോയുടെ നെല്ല് സംഭരണം സംബന്ധിച്ച് മില്ലുടമകളുമായി ധാരണയായി. ഭക്ഷ്യ പൊതുവിതരണ മന്ത്രി അനൂപ് ജേക്കബ് മില്ലുടമ സംഘടന പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് ധാരണയുണ്ടായത്. മില്ലുടമകളുടെ ആവശ്യങ്ങളിൽ സാധ്യമായ എല്ലാ അനുകൂല തീരുമാനവും കൈക്കൊ ള്ളുമെന്ന് മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. 2022-23ലെ ഒ.ടി.ആർ (ഔട്ട് ടേൺ റേഷ്യോ) അനുപാത വ്യത്യാ സമായ

63 കോടി രൂപ സംബന്ധിച്ച് അനുകൂല തീരുമാനമുണ്ടാകുമെന്ന് മന്ത്രി പറഞ്ഞു.

2. റബർവിപണനത്തിനും റബർഉത്പ്പന്നനിർമ്മാണത്തിനും റബർബോർഡ് നൽകുന്ന വിവിധതരം ലൈസൻസുകളെറിച്ചും ലൈസൻസുകളെടുക്കുന്ന നടപടിക്രമങ്ങളെക്കുറിച്ചും അറിയാൻ കോൾസെന്ററിലെക്ക് വിളിക്കാം. ഇത് സംബന്ധമായ ചോദ്യങ്ങൾക്ക് റബർബോഡിലെ മാർക്കറ്റ് ഇന്റലിജൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ പ്രിയ തോമസ് സെപ്റ്റംബർ 16 ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെ മറുപടിപറയും. കർഷകർക്ക് 0481-25676622 എന്ന കോൾസെന്റർ നമ്പറിലെക്ക് വിളിക്കാവുന്നതാണ്.

3. കൊച്ചി വൈറ്റില കൃഷി ഭവന്റെപരിധിയിലുള്ള പൂണിത്തുറ, പള്ളുരുത്തി, മട്ടാഞ്ചേരി, ഇടക്കൊച്ചി, തോപ്പുംപടി, ഇടപ്പള്ളി സൗത്ത് വില്ലേജുകളിൽ ഡിജിറ്റൽ വിള സർവേ ചെയ്യുന്നതിനായി സർവേയർമാരെ നിയോഗിക്കുന്നു. താത്പര്യമുള്ളവർ 9383471169 എന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

4. കേരള കാർഷിക സർവകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര കാർഷിക കോളേജിലെ അഗ്രോണമി വിഭാഗത്തിൽ മൂന്ന് അസിസ്റ്റന്റ് പ്രൊഫസ്സർമാരുടെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. ബന്ധപ്പെട്ട വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. നിർദ്ധിഷ്ട യോഗ്യതകൾ ഉള്ളവർക്ക് സെപ്റ്റംബർ 19 ന് രാവിലെ 10 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487-2438302 എന്ന നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യോം.

5. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **സെപ്തംബർ 16, 17** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424/ 9539642472 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

6. PM-RKVY 2026-27-ന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പാക്കുന്ന Sub-Mission on Agricultural Mechanization (SMAM) പദ്ധതിയിൽ കാർഷിക യന്ത്രങ്ങൾക്കായി അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള

രണ്ടാം ലോട്ടറി നടപടികൾ സെപ്റ്റംബർ 22 മുതൽ ആരംഭിക്കും. 22.09.2026 മുതൽ 15.10.2026 വൈകിട്ട് 5 മണി വരെയാണ് കാലയളവ്. ലോട്ടറി നറുക്കെടുപ്പ് 16.10.2026 രാവിലെ 10.30 ന്. അർഹരായ അപേക്ഷകർ DBT (https://agrimachinery.nic.in) മുഖേന ലഭിക്കുന്ന അപേക്ഷാ Agri-Machinery നിർദ്ദേശങ്ങൾ അനുസരിച്ച് നടപടികൾ പൂർത്തിയാക്കണം. അംഗീകരിച്ച ലക്ഷ്യത്തേക്കാൾ അർഹരായ അപേക്ഷകരുടെ എണ്ണം കൂടുതലുള്ള സാഹചര്യത്തിൽ ഓൺലൈൻ ലോട്ടറി സംവിധാനത്തിലൂടെയാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 0477-2266084, 0495-2725354, 0471-2306748 എന്നീ ഫോൺ നമ്പരുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

7. നെടുമങ്ങാട് വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 17ന് സൗജന്യ കൂൺകൃഷി പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ള കർഷകർ 9446911451 എന്ന ഫോൺ നമ്പരിൽ സെപ്റ്റംബർ 16 വൈകുന്നേരം 5 മണിക്ക് മുൻപ് രജിസ്റ്റർ ചെയ്യാവുന്നതാണ്.